**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4940** **14-03-2023 - ൽ മറുപടിയ്ക്ക്**

**കൊടകര- വെള്ളിക്കുളങ്ങര സ്കൂൾ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് നിയോജക മണ്ഡലത്തിലെ കൊടകര-വെള്ളിക്കുളങ്ങര സ്കൂൾ റോഡ് കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതിയും ഫണ്ടും ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ; | (എ) | ഈ പ്രവൃത്തിക്ക് 20/08/2016 - ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകി. കിഫ്ബിയിൽ നിന്നും 20.79 കോടിയുടെ സാമ്പത്തികാനുമതിയും ലഭ്യമായി. 12/11/2019 തീയതിയിൽ കരാറുകാരൻ കരാറിൽ ഏർപ്പെട്ടു എങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭിക്കാനായില്ല. പിന്നീട് കരാറുകാരനെ ഒഴിവാക്കുകയുണ്ടായി. പദ്ധതി പ്രദേശത്ത് KSEB യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ഏകദേശം പൂർത്തിയായിട്ടുണ്ട്. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള തുകയ്ക്കുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി കണക്കാക്കിയിട്ടുള്ള തുക പ്രോജക്ടിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനും പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | 0.315 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള 1.53 കോടി രൂപകൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിനായി 08/12/2022-ൽ കിഫ്ബിക്ക് കത്ത് നൽകിയിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ